(സി)&(ഡി) കേരള മുദ്രപത്രനിയമം 45(ബി) പ്രകാരം 1967 മുതൽ വിലകുറച്ച് കാണിച്ച് രജിസ്റ്റർ ചെയ്തിട്ടുള്ള ദാനം, ധനനിശ്ചയം, പാട്ടകൈമാറ്റം, കൺവെയൻസ്, ഒറ്റി ആധാരങ്ങൾ മറ്റു വസ്തു കൈമാറ്റങ്ങൾ എന്നിവയെ സംബന്ധിച്ച ഒറ്റി ആധാരങ്ങളിൽമേൽ നടപടി സ്വീകരിച്ച് കുറവുമുദ്രസലയും രജിസ്ട്രേഷൻ ഫീസും ഈടാക്കുന്നു. 1968-ലെ കേരള സ്റ്റാംപ് പ്രിവൻഷൻ ഓഫ് അണ്ടർ വാലുവേഷൻ ഓഫ് ഇൻസ്ട്രുമെന്റ്സ് റൂൾ പ്രകാരം ഇങ്ങിടദാന ആധാരങ്ങൾക്കും മേൽനടപടി ബാധകമാണ്.

(ഇ) സർക്കാർ വസ്തുവിന്റെ ഉദ്ദേശവില നിശ്ചയിച്ചിട്ടില്ലാത്തതിനാൽ നിലവിലുള്ള ചട്ടപ്രകാരം ജില്ലാരജിസ്ട്രാർ നിശ്ചയിക്കുന്ന മുദ്രസലയും ഫീസും അടയ്ക്കേണ്ടതുണ്ട്.

(എഫ്) 1959-ലെ കേരള മുദ്രപ്പത്ര നിയമത്തിലും 1968-ലെ കേരള സ്റ്റാംപ് (പ്രിവൻഷൻ ഓഫ് അണ്ടർ വാലുവേഷൻ ഓഫ് ഇൻസ്ട്രുമെന്റ്സ്) റൂൾസിലും വ്യവസ്ഥയുണ്ട്. ആയതിന്റെ പകർപ്പുകൾ ഉള്ളടക്കം ചെയ്യുന്നു.

(ജി) നോട്ടീസ് അയയ്ക്കുന്നത് നിലവിലുള്ള ചട്ടപ്രകാരമാകയാൽ ചോദ്യം ഉദിക്കുന്നില്ല.

(എച്ച്) 1959-ലെ കേരളമുദ്രപത്ര നിയമം സെക്ഷൻ 45(ബി) പ്രകാരവും 1968-ലെ കേരള സ്റ്റാംപ് പ്രിവൻഷൻ ഓഫ് അണ്ടർ വാലുവേഷൻ ഓഫ് ഇൻസ്ട്രുമെന്റ്സ് റൂൾസിലുമുള്ള ചട്ടങ്ങൾ പ്രകാരമാണ് ജില്ലാരജിസ്ട്രാർമാർ നടപടി സ്വീകരിക്കുന്നത്. ആയതിന്റെ പകർപ്പുകൾ ഉള്ളടക്കം ചെയ്യുന്നു.

**115 (2493) ഇലവുംതിട്ട കേന്ദ്രമാക്കി സബ് രജിസ്ട്രാർ ഓഫീസ്**

ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറൻമുള നിയോജകമണ്ഡലത്തിലെ മെഴുവേലി പഞ്ചായത്തിൽ ഇലവുംതിട്ട കേന്ദ്രമാക്കി ഒരു സബ് രജിസ്ട്രാർ ഓഫീസ് ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) ഇത് സംബന്ധിച്ച് എന്തെങ്കിലും നിവേദനം സർക്കാരിന് ലഭിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ഇതിന്റെ അടിസ്ഥാനത്തിൽ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ട്;

(ഡി) സബ് രജിസ്ട്രാർ ഓഫീസ് ഇലവുംതിട്ടയിൽ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ)(ബി)(സി)&(ഡി) ആറൻമുള നിയോജകമണ്ഡലത്തിലെ മെഴുവേലി പഞ്ചായത്തിൽ ഇലവുംതിട്ട കേന്ദ്രമാക്കി ഒരു സബ് രജിസ്ട്രാർ ഓഫീസ് ആരംഭിക്കണമെന്ന നിവേദനം സർക്കാരിന് ലഭിച്ചിട്ടുണ്ട്. ഈ നിവേദനം സർക്കാർ പരിശോധിച്ചു വരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly